**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2179** **09-02-2023 - ൽ മറുപടിയ്ക്ക്**

**ശമ്പള പരിഷ്കരണം മൂലമുണ്ടായ അപാകതകൾ പരിഹരിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ എൻടി കേഡറിൽ ജോലിയിൽ കയറുന്ന സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്കും ലക്ചറർമാർക്കും ശമ്പള പരിഷ്കരണത്തിന് മുൻപ് (31.12.2015) ജോലിയിൽ കയറിയ ഡോക്ടർക്കും ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വന്ന 01.01.2016 ന് ശേഷം ജോലിയിൽ കയറിയ ഡോക്ടർക്കും തമ്മിൽ 5300 മുതൽ 18400 രൂപ വരെ അടിസ്ഥാന ശമ്പളത്തിൽ വ്യത്യാസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ അപാകത പരിഹരിക്കാനായി സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ; | (എ) | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്,ഫാർമസി, നോൺ മെഡിക്കൽ വിഭാഗം ഫാക്കൽറ്റികളുടെ ശമ്പളം 01/01/2016 തീയതി പ്രാബല്യത്തിൽ പരിഷ്കരിച്ച് നൽകി സർക്കാർ 11/09/2020-ലെ സ.ഉ (പി) 54/2020/ ആ.കു.വ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.ശമ്പള പരിഷ്കരണത്തിനു ശേഷം വിവിധ വിഷയങ്ങൾ ചൂണ്ടിക്കാട്ടി വിവിധ അംഗീകൃത സർവ്വീസ് സംഘടനകൾ സമർപ്പിച്ച നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ ഈ വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | യു.ജി.സി. മാനദണ്ഡങ്ങൾ മെഡിക്കൽ അധ്യാപകർക്ക് ബാധകമല്ലെന്ന് യു.ജി.സി. തന്നെ വ്യക്തമാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ശമ്പള പരിഷ്കരണ ഉത്തരവിൽ ഇപ്പോൾ അസോസിയേറ്റ് പ്രൊഫസർ ആകുന്നതിനുള്ള സ്ഥാനക്കയറ്റ മാനദണ്ഡം 8 വർഷത്തെ അനുഭവ പരിചയം ആക്കിയതിന്റെ കാരണം വ്യക്തമാക്കുമോ; ഇതിൽ അപാകത ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ശമ്പളപരിഷ്കരണ ഉത്തരവിൽ അസിസ്റ്റന്റ് പ്രൊഫസറിൽ നിന്നും അസോസിയേറ്റ് പ്രൊഫസർ തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ ത്തിന് 8 വർഷം സേവന കാലാവധി ആവശ്യ മാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.. ദേശീയ മെഡിക്കൽ കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഈ വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ